## പാഠം 8

## (ആരാധന)

# ദൈവത്തിന്റെ മഴവിൽ വാഗ്ദത്തം

*വേദഭാഗം: ഉല്പ. 8:20; 9:17,* ***Patriarchs and Prophets pp. 105-110.***

***മനഃപാഠവാക്യം: "ഞാൻ എന്റെ വില്ല് മേഘത്തിൽ വെക്കുന്നു. അത് ഞാനും ഭൂമിയും തമ്മിലുള്ള അടയാളമായിരിക്കും" ഉല്പ. 9:13.***

**സന്ദേശം**

**അവന്റെ വാഗ്ദത്തങ്ങൾക്കായി നാം ദൈവത്തിന് നന്ദി പറയുന്നു.**

***നിങ്ങൾ എപ്പോഴെങ്കിലും ഒരു മഴവില്ല് കണ്ടിട്ടുണ്ടോ? ചിലപ്പോഴൊക്കെ മഴ പെയ്തതിനുശേഷം നിങ്ങൾക്ക് ഒരെണ്ണം കാണാം. ദൈവമുണ്ടാക്കിയ ആദ്യത്തെ മഴവില്ല് കണ്ടത് നോഹയും കുടുംബവുമാണ്. എന്താണ് കാരണമെന്ന് നിങ്ങൾക്കറിയാമോ?***

മൃഗങ്ങൾ അസ്വസ്ഥരായിരുന്നു. ആനകൾ അന്യോന്യം ഭയവിഹ്വല രായി ചിന്നം വിളിച്ചു. കുരങ്ങന്മാർ നിരന്തരമായി ചിലച്ചുകൊണ്ട് അവ രുടെ കൂടുകളിലെ കമ്പുകളിൽ തൂങ്ങിയാടി. തത്തകൾ ചിലച്ചു. ഏവരും പെട്ടകത്തിന് പുറത്തിറങ്ങാൻ ഉത്സുകരായിരുന്നു. ഒടുവിൽ ദൈവം നോഹ യോട് പറഞ്ഞു, "സമയമായിരിക്കുന്നു. പെട്ടകം വിട്ടുപോകാൻ സമയമാ യിരിക്കുന്നു."



അതിനാൽ ആ ശക്തമായ കതക് തുറക്കുന്നതിന് ദൈവം ഒരു ദൂതനെ അയച്ചു. മൃഗങ്ങൾ നട പ്പാതയിലൂടെ ശബ്ദകോലാഹല ത്തോടെ നടന്നിറങ്ങി. കുതിരകൾ ഓടിയപ്പോൾ അവർ കുതികാൽ ഉയർത്തി തൊഴിച്ചു. കങ്കാരുക്കൾ സന്തോഷത്തോടെ അങ്ങോട്ടുമി ങ്ങോട്ടും ചാടി. കഴുകന്മാർ ഉയർന്നുപറന്നു, കൂടാതെ സിംഹ ങ്ങൾ ഗർജ്ജിച്ചു.

നോഹക്കും കുടുംബ ത്തിനും ഒരേ സമയം സന്തോ ഷവും സങ്കടവും തോന്നി. പെട്ടകത്തിന് പുറത്തിറങ്ങിയതിൽ അവർക്ക് സന്തോഷമായിരുന്നു. എന്നാൽ അവർ പെട്ടകത്തിന് പുറത്തു കണ്ടതിൽ അവർക്ക് സങ്കടമായിരുന്നു. ഭൂമി ആകെ വൃത്തികേടായിരിക്കുന്നു! ഭീമാകാ രമായ പാറകൾ നിലത്ത് നിറഞ്ഞിരുന്നു. പുതിയ പച്ചപ്പുല്ല് എല്ലായിടത്തും മുളച്ചുതുടങ്ങിയിരുന്നെങ്കിലും, ചെറിയ മരങ്ങൾ തറയിൽ നിന്ന് എത്തി നോക്കിയെങ്കിലും, അവർ പെട്ടകത്തിനുള്ളിൽ പ്രവേശിക്കുമ്പോൾ കണ്ട മനോഹരമായ ലോകമേ അല്ലായിരുന്നു അത്. എന്നാൽ അവർ സുരക്ഷി തരായിരുന്നു. ദൈവം അവന്റെ വാക്ക് പാലിച്ചു.

അതിനാൽ നോഹ ഒരു യാഗപീഠം പണിത് കുടുംബാംഗങ്ങളെ യെല്ലാം അതിനു ചുറ്റുംകൂട്ടി. ഭീകരമായ ജലപ്രളയത്തിൽനിന്ന് അവരെ രക്ഷിക്കാമെന്നുള്ള ദൈവത്തിന്റെ വാഗ്ദത്തം അവൻ പാലിച്ചതിനായി അവർ ദൈവത്തിന് നന്ദി പറഞ്ഞു. അവർ ദൈവത്തെ അവന്റെ സംരക്ഷ ണത്തിനായി സ്തുതിച്ചു. ദൈവം നോഹയുടെ കുടുംബത്തിന് ഒരു പ്രത്യേക അനുഗ്രഹം നൽകി. "ധാരാളം കുഞ്ഞുങ്ങൾ ഉണ്ടായി ഭൂമിയിൽ നിറയു ക" ദൈവം പറഞ്ഞു.

പിന്നീട് ദൈവം അവർക്ക് ഒരു വാഗ്ദത്തം നൽകി. "ഞാൻ നിങ്ങ ളോടും നിങ്ങളുടെ പിന്നാലെ വരുന്നവരോടും ഒരു വാഗ്ദത്തം ചെയ്യുക

യാണ്, കൂടാതെ നിങ്ങളുടെ പിന്നാലെ വരുന്നവരോടും. മഴ വീഴുമെങ്കിലും, ഞാൻ ലോകം മുഴുവൻ ഇനി ജലപ്രളയത്താൽ നശിപ്പിക്കുകയില്ല. ആകാശത്തിൽനോക്കുക, നിങ്ങൾ എന്റെ വാഗ്ദത്തത്തിന്റെ അടയാളം കാണും."

നോഹയും കുടുംബവും മുകളിലേക്ക് നോക്കി. ഒരു തിളക്കമാർന്ന മഴവില്ല് ആകാശത്തിനു കുറുകെ കാണപ്പെട്ടു. അവർ അന്നുവരെ അങ്ങനെയൊന്ന് കണ്ടിരുന്നില്ല. "എപ്പോഴെല്ലാം നിങ്ങൾ ആകാശത്തിൽ മഴവില്ല് കാണുന്നുവോ, ഞാൻ വാക്കുപാലിക്കും എന്ന് നിങ്ങൾക്ക് ഉറപ്പിക്കാം," ദൈവം പറഞ്ഞു.

നോഹയും കുടുംബവും വളരെനേരം യാഗപീഠത്തിനരികെ നിന്നു. അവർ സ്തുതിഗീതങ്ങൾ പാടി. അവർ നന്ദിപൂർവ്വം പ്രാർത്ഥിച്ചു. അവർക്ക് ഒരു മഴവില്ല് അടയാളമുണ്ടായിരുന്നു. ദൈവം എല്ലായ്പ്പോഴും അവന്റെ വാഗ്ദത്തം പാലിക്കുമെന്ന് അവർക്കറിയാമായിരുന്നു. കൂടാതെ നമുക്കും അതറിയാം. ദൈവം പിന്നീടൊരിക്കലും ലോകം മുഴുവൻ വെള്ളത്താൽ മൂടിയിട്ടില്ല. അവൻ ഇപ്പോഴും അവന്റെ മഴവിൽ വാഗ്ദത്തം വച്ചിരിക്കുന്നു.

ദൈവം നോഹയോടും കുടുംബത്തോടും അവന്റെ വാഗ്ദത്തം പാലിച്ചതുപോലെ, ദൈവം ഇന്ന് നമ്മോടും അവന്റെ വാഗ്ദത്തം പാലിക്കും. നമുക്കവന്റെ വാഗ്ദത്തങ്ങൾ അവന്റെ വചനത്തിൽ കാണാം, ബൈബിളിൽ. കൂടാതെ അവൻ അത് പാലിക്കുമെന്ന് നമുക്ക് ഉറപ്പാക്കാം. കാരണം അവൻ നമ്മെ വളരെയധികം സ്നേഹിക്കുന്നു.

## ചെയ്യുക പറയുക

**ശബ്ബത്ത്**

ഇന്ന് ഒന്ന് നടക്കാൻ പോകുക. പ്രകൃതിയിൽ നിറങ്ങൾക്കായി നോക്കുക. മഴവില്ലിന്റെ നിറങ്ങളെല്ലാം നിങ്ങൾ കണ്ടെത്തിയോ? ചുവപ്പ്, ഓറഞ്ച്, മഞ്ഞ, പച്ച, നീല കൂടാതെ വൈലറ്റ് മാർക്കറുകൾ ഉപയോഗിച്ച് (ഇതേ അടുക്കിൽ തന്നെ) മനഃപാഠവാക്യം എഴുതുക, ഓരോ വാക്കിനും ഒരു വ്യത്യസ്ത നിറം ഉപയോഗിച്ചുകൊണ്ട് (പുറം 62 കാണുക) വാക്കുകൾ വെട്ടിമാറ്റുക, പിന്നീട് മഴവില്ലിന്റെ നിറങ്ങളിൽ അവ അടുക്കിയിട്ട് ഒരുമിച്ച് മനഃപാഠവാക്യം പറയുക. വാക്കുകൾ പിന്നെ ഒരു ദിവസത്തേക്ക് സൂക്ഷിച്ചുവെക്കുക.

**ഞായർ**

ഉല്പത്തി 8:1521; 9:13–15 ഒരുമിച്ച് വായിക്കുക. ചോദിക്കുക: പെട്ടകത്തിന് പുറത്ത് വന്നപ്പോൾ നോഹക്ക് എങ്ങനെ അനുഭവപ്പെട്ടുകാണും എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? മൃഗങ്ങൾ – പുറത്ത് വന്നപ്പോൾ അവർ എന്ത് ചെയ്തുകാണുമെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? എന്തുകൊണ്ടാണ്

നോഹ ദൈവത്തിന് നന്ദി പറഞ്ഞത്? ദൈവം അവന്റെ വാഗ്ദത്ത പാലിച്ചോ? അവന്റെ മഴവിൽ വാഗ്ദത്തം പാലിച്ചതിനായി ദൈവത്തിന് നന്ദി പറയുക.

**തിങ്കൾ**

ഒരു വർണ്ണക്കടലാസ്സിലൂടെ നോക്കുക. നിങ്ങൾക്ക് ചുറ്റുമുള്ള ലോകത്തിന് എന്തുപറ്റുന്നു? എല്ലാം ആ ഒരു നിറമായിരിക്കുവാൻ നിങ്ങൾക്ക് ഇഷ്ടമാണോ? നിങ്ങളുടെ മഴവിൽ നിറത്തിലുള്ള മനഃപാഠവാക്യം ക്രമമായി വെക്കുക, പിന്നീട് വാക്യം ഒരുമിച്ച് പറയുക. 64–ാം പുറത്തുള്ള മഴവിൽ വിരൽ കളി ആവർത്തിക്കുക. നമുക്കു ചുറ്റുമുള്ള ലോകത്തിൽ അവൻ ഇട്ട സകല നിറങ്ങൾക്കായും ദൈവത്തിന് നന്ദി പറയുക.

**ചൊവ്വ**

മഴവില്ലിന്റെ സകല നിറങ്ങളും പറയുക. എത്ര എണ്ണമുണ്ട്? വ്യത്യസ്ത നിറങ്ങളിലുള്ള ഏതാനും ഫലങ്ങളും പുഷ്പങ്ങളും കണ്ടെത്തുക. മഴവിൽ വാഗ്ദത്തത്തിനായും നമ്മുടെ ലോകത്തെ മനോഹരമാക്കുന്ന സകല നിറങ്ങൾക്കായും ദൈവത്തിന് നന്ദി പറയുക. മനഃപാഠവാക്യം ഒരുമിച്ച് പറയുക.

**ബുധൻ**

ഒരു മഴവിൽക്കൊടി ഉണ്ടാക്കുക. ആവശ്യമായ പേപ്പർ, നിറമുള്ള റിബണുകൾ എന്നിവ ഉപയോഗിക്കുക. നിങ്ങൾ ഒരുമിച്ച് പാടുമ്പോൾ കുട്ടി ആ കൊടി വീശട്ടെ. “Who made the beautiful Rainbow” പാടുക.

**വ്യാഴം**

ഇന്ന് വളരെ നേരത്തെ കുട്ടിക്കുവേണ്ടി പിന്നീടെന്തെങ്കിലും ചെയ്യാമെന്ന് വാഗ്ദത്തം ചെയ്യുക. നിങ്ങളുടെ വാഗ്ദത്ത പാലിക്കുക, പിന്നീട് ദൈവത്തിന്റെ വാഗ്ദത്തങ്ങളെക്കുറിച്ച് സംസാരിക്കുക. നിങ്ങളെ സഹായിച്ച ദൈവത്തിന്റെ ഒരു വാഗ്ദത്തെക്കുറിച്ച് പറയുക. ഒരുമിച്ച് മനഃപാഠവാക്യം പറയുക, പിന്നീട് അവന്റെ വാഗ്ദത്തങ്ങൾ പാലിക്കുന്നതിനാൽ ദൈവത്തിന് നന്ദി പറയുക.

**വെള്ളി**

ദൈവത്തിന്റെ മഴവിൽ വാഗ്ദാനത്തിന് ഊന്നൽ കൊടുത്തുകൊണ്ട്, കുടുംബ പ്രാർത്ഥനയിൽ പാഠഭാഗം അഭിനയിക്കുക. ബുധനാഴ്ച ഉണ്ടാക്കിയ മഴവിൽ പതാക പാട്ടുപാടുമ്പോൾ കുട്ടി പതാക ഉയർത്തി പിടിക്കട്ടെ. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, ഓരോ പ്രത്യേക വാഗ്ദത്തവും പാലിക്കുന്നതിനാൽ അവന് നന്ദി പറയുക, കൂടാതെ അവസാനിക്കുമ്പോൾ മഴവില്ലിന്റെ വാഗ്ദത്തത്തിനായി നന്ദി പറയുക.